(ബി)	വർഷം	ലേറ്റ് ഡെലിവറി ഇനത്തിൽ ടെൽക് നൽകിയ തുക (രൂപ ലക്ഷത്തിൽ)
	1996-97	138.41
	1997-98	72.65
	1998-99	149.23
	1999-2000	113.19

(സി) പുനരുദ്ധാരണ പദ്ധതിയെ സംബന്ധിച്ച് ടെൽക്കിലെ അംഗീകൃത യൂണിയനുകളുമായി പല തവണ കമ്പനി മാനേജ്മെന്റ് ചർച്ച ചെയ്തിട്ടുണ്ട്.

(ഡി & ഇ) ടെൽക്കിന്റെ പുനരുദ്ധാരണത്തിനായി ബി.ഐ.എഫ്.ആർ മുമ്പാകെ സമർപ്പിക്കേണ്ട പദ്ധതിയെ സംബന്ധിച്ച് സർക്കാർ ഇറക്കിയിട്ടുള്ള 26-12-2000 ലെ (എം.എസ്) നമ്പർ. 156/2000/വ്യവ. 27-1-2001 ലെ (എം.എസ്) നമ്പർ 20/2001/വ്യവ. എന്നീ ഉത്തരവുകളിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

അലൂമിനിയം ഇൻഡസ്ട്രീസിന്റെ ഓഫീസ്

14 (581) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്ന അലൂമിനിയം ഇൻഡസ്ട്രീസിന്റെ കോർപ്പറേറ്റ് ആഫീസ് പൂട്ടിക്കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് നാളിതു വരെ യാതൊരു ആനുകൂല്യങ്ങളും നൽകിയിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് നൽകാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) സ്വകാര്യ കമ്പനിയായ അലിന്റിനെ ഒരു പീഡിത വ്യവസായമായി ബി.ഐ.എ.എഫ്.ആർ. പ്രഖ്യാപിച്ചിരിക്കുകയാണ്. ബി.ഐ.എ.എഫ്.ആർ.ന്റെ തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി മാത്രമേ ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന് കഴിയുകയുള്ളു.

†അനുബന്ധം -VII

LIBRARY ARCHIVES Kerala Legislative Assembly